# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6677 — 1.11.2011-ലെ മറുപടിക്ക്

## വൈക്കം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

**ചോദ്യം**

**ശ്രീ. കെ. അജിത്**

**മറുപടി**

**ശ്രീ. പി.ജെ. ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) വൈക്കം നിയോജക മണ്ഡലത്തിൽ മൂവാറ്റുപുഴയാറുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന തലയാഴം കുടിവെള്ള പദ്ധതി, വെള്ളൂർ-വെളിയന്നൂർ എന്നീ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി യെന്തെന്നും ഈ പദ്ധതിയിലൂടെ ഏതൊക്കെ പഞ്ചായത്തുകളിലെ ജനങ്ങളാണ് ഗുണഭോക്താക്കളായി വരുന്നത് എന്നും വ്യക്തമാക്കാമോ;

(എ) വൈക്കം നിയോജക മണ്ഡലത്തിൽ മൂവാറ്റുപുഴയാറുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന തലയാഴം കുടിവെള്ള പദ്ധതി, വെള്ളൂർ വെളിയന്നൂർ കുടിവെള്ള പദ്ധതി എന്നിവകളുടെ ജലശുദ്ധീകരണശാല വെള്ളൂർ പഞ്ചായത്തിലാണ്. ഈ പദ്ധതികളുടെ ജോലികൾ 95% പൂർത്തിയായിട്ടുണ്ട്. റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, പൈപ്പുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ജോലി വൈദ്യുത കണക്ഷൻ എന്നിവ പൂർത്തിയാക്കാനുണ്ട്. വെള്ളൂർ റെയിൽവേ സ്റ്റേഷന്റെ സമീപം തലയാഴം പദ്ധതിയ്ക്ക് വേണ്ടി റെയിൽവെ ക്രോസ് ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. കൂടാതെ തലയോലപ്പറമ്പിലെ ജലസംഭരണിയുടെ നിർമ്മാണം ആയതിലേയ്ക്കുള്ള ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ ജോലികൾ നടത്താനുണ്ട്. തലയാഴം കുടിവെള്ള പദ്ധതിപ്രകാരം വെച്ചൂർ, തലയാഴം, റ്റി.വി. പുരം, ഉദയനാപുരം, ചെമ്പ്, മറവൻതുരുത്ത്, കടുത്തുരുത്തി, തലയോലപ്പറമ്പ് എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾ ഗുണഭോക്താക്കളായി വരുന്നു.

1) വെള്ളൂർ - വെളിയന്നൂർ പദ്ധതി ഒന്നാം ഘട്ടം
2) വെള്ളൂർ - വെളിയന്നൂർ പദ്ധതി രണ്ടാം ഘട്ടം
3) വെള്ളൂർ - വെളിയന്നൂർ പദ്ധതി മൂന്നാം ഘട്ടം

എന്നീ പദ്ധതിപ്രകാരം മുളക്കുളം വെള്ളൂർ, കീഴൂർ, കുറവിലങ്ങാട്, ഉഴവൂർ, വെളിയന്നൂർ, കല്ലറ എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾ ഗുണഭോക്താക്കളായി വരുന്നു.

കല്ലറ ശുദ്ധജലവിതരണ പദ്ധതിപ്രകാരം കല്ലറ പഞ്ചായത്തിലെ ജനങ്ങൾ ഗുണഭോക്താക്കളായി വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ഏതൊക്കെ പഞ്ചായത്തുകളിൽ കുടിവെള്ള പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നും ഏതൊക്കെ ഇടങ്ങളിൽ ഇനി സ്ഥാപിക്കാനുണ്ട് എന്നും പൈപ്പുകൾ സ്ഥാപിക്കുന്ന നടപടികൾ ഏതൊക്കെ പഞ്ചായത്തുകളിൽ പുരോഗമിക്കുന്നു എന്നും പുതുതായി പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയ്ക്കുവേണ്ടി വെള്ളൂർ, കല്ലറ, തലയാഴം, വെച്ചൂർ, ചെമ്പ്, ഉദയനാപുരം, മുളക്കുളം, കീഴൂർ, മറവൻതുരുത്ത്, കുറവിലങ്ങാട്, ഉഴവൂർ എന്നീ പഞ്ചായത്തുകളിൽ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. തലയോലപ്പറമ്പ് പഞ്ചായത്തിലെ പൈപ്പിന്റെ സ്ഥാപനം 85% പൂർത്തിയായിട്ടുണ്ട്. തലയോലപ്പറമ്പ് ജലസംഭരണിയിലേയ്ക്കുള്ള ഗ്രാവിറ്റിമെയിൻ സ്ഥാപിക്കാനുണ്ട്. പൊതുഘടകമായ റോ-വാട്ടർ പമ്പിംഗ് മെയിൻ, ടി.വി. പുരം പഞ്ചായത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് അനുമതിയ്ക്കായി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. തലയോലപ്പറമ്പ് സംഭരണിയുടെ നിർമ്മാണം ആയതിലേയ്ക്കുള്ള ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ ഇവയുടെ ദർഘാസുകൾ ഉയർന്ന നിരക്കായതിനാൽ റദ്ദാക്കി. വീണ്ടും ദർഘാസുകൾ ക്ഷണിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതികളുടെ ഏതെങ്കിലും ഘട്ടം നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിക്കാനുണ്ടോ എന്നും എങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം എന്താണെന്നും തടസ്സങ്ങൾ നീക്കി ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

(സി) വെള്ളൂർ പഞ്ചായത്തിൽ പുതുതായി ജലവിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

സെക്ഷൻ ഓഫീസർ